REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 27-06-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ആറ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാകലക്ടർമാർ ഇന്ന് അവധി പ്രഖ്യാപിച്ചു.**
- **കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് സ്ഥാപിക്കാൻ മന്ത്രിസഭായോഗ തീരുമാനം.**
- **സംസ്ഥാനത്ത് വൈദ്യുതി സംബന്ധമായ അപകടങ്ങൾ പൂർണമായി ഇല്ലാതാക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യണമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി.**
- **ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾ തുടങ്ങി. ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

**രാജ്യസഭാ സമ്മേളനം ഇന്ന് തുടങ്ങും. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. രാഷ്ട്രപതിയുടെ പ്രസംഗത്തിന് ശേഷം പാർലമെന്റിന്റെ ഇരുസഭകളിലും നന്ദിപ്രമേയം അവതരിപ്പിക്കും. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം തിങ്കളാഴ്ചയാണ് ആരംഭിച്ചത്. അടുത്ത മാസം മൂന്നുവരെയാണ് പാർലമെന്റ് സമ്മേളനം.**

✪✪✪

രാജ്യത്ത് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ അടുത്ത മാസം ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. കഴിഞ്ഞ ശീതകാല സമ്മേളനത്തിലാണ് പാർലമെൻറ്, ബില്ലുകൾ പാസാക്കിയത്. പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ത്യൻ ജനതയെ ശാക്തീകരിക്കാൻ സുപ്രധാന ചുവടുവെപ്പാണ്. പുതിയ സംവിധാനത്തിലേക്ക് തടസ്സങ്ങളില്ലാതെ മാറാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും, കേന്ദ്രം സാങ്കേതിക സഹായം നൽകുന്നുണ്ട്.

✪✪✪

ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോത്പാദക രാജ്യമായി ഇന്ത്യ വളർന്നതിൽ ദശലക്ഷക്കണക്കിന് ക്ഷീരകർഷകരുടെ അധ്വാനമുണ്ടെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. അന്താരാഷ്ട്ര ഡയറി ഫെഡറേഷൻ കൊച്ചിയിൽ സംഘടിപ്പിച്ച 'റീജിയണൽ ഡയറി കോൺഫറൻസ് - ഏഷ്യ പസഫിക് 2024' ത്രിദിന സമ്മേളനത്തെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ കാര്യങ്ങളിൽ ക്ഷീരമേഖല നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ക്രിയാത്മകമായ നടപടികൾ ആവശ്യമാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്).......

കോട്ടയം കുമരകത്ത് ഇന്നലെ വൈകിട്ട് ഉണ്ടായ ശക്തമായ കാറ്റിലും, മഴയിലും വൻ നാശനഷ്ടം. ചുഴലിക്കാറ്റിന് സമാനമായ

അതിശക്തമായ കാറ്റാണ് പ്രദേശത്ത് ഉണ്ടായത്. കൃഷിനാശവും ഉണ്ടായി. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട സ്ഥിതി ജില്ലാ കളക്ടർ V വിഗ്നേശ്വരിയുടെ അധ്യക്ഷതയിൽ നടന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം വിലയിരുത്തി. ഈരാറ്റുപേട്ട-വാഗമൺ റോഡിൽ രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കടലോര- കായലോര- മലയോര മേഖലയിലേക്ക് അവശ്യ സർവ്വീസുകൾ ഒഴികെ ഗതാഗതം, ഖനന പ്രവർത്തനങ്ങൾ, വിനോദ സഞ്ചാരം എന്നിവ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ജില്ലാ കലക്ടർ നിരോധിച്ചു.

അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന്റെ ഭാഗമായി ഇടുക്കിയിൽ ജില്ലാ ആസ്ഥാനത്തും അഞ്ച് താലൂക്ക് കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചു. ജലനിരപ്പ് നിയന്ത്രിച്ച് നിർത്തുന്നതിനായി മലങ്കര, കല്ലാർകുട്ടി ഡാമുകളിൽ നിന്നും ഷട്ടറുകൾ ഉയർത്തി നിയന്ത്രിത അളവിൽ വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്.

എറണാകുളം ജില്ലയിൽ കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി ഇടവിട്ട് പെയ്യുന്ന ശക്തമായ മഴയിൽ വിവിധ സ്ഥലങ്ങളിൽ 26 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം ഉണ്ടായതായി അധികൃതർ അറിയിച്ചു. ഇതിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് ആലുവ താലൂക്കിലെ ചെങ്ങമനാട് വില്ലേജിലാണ്.

മഴ ശക്തമാകുന്ന സാഹചര്യത്തിൽ അടുത്ത മൂന്ന് ദിവസം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ അവരുടെ അധികാര പരിധിവിട്ട് പോകരുതെന്ന് മന്ത്രി കെ രാജൻ ജില്ലാ കലക്ടർമാരുടെ യോഗത്തിൽ നിർദ്ദേശിച്ചു. അവധി എടുത്തവർ ഈ ദിവസങ്ങളിൽ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും മന്ത്രി പറഞ്ഞു.

അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ കലക്ടർമാർ മുൻകൈ എടുക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ടെണ്ടർ നടപടി കാത്തുനിൽക്കേണ്ടതില്ല.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ നാല് ദിവസം മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അതിശക്ത മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് വിവിധ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട്, ജില്ലകളിലും കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് അവധി.

മുൻ നിശ്ചയിച്ച പ്രകാരം പൊതു പരീക്ഷകൾക്കും യൂണിവേഴ്സിറ്റി പരീക്ഷകൾക്കും മാറ്റമില്ല.

✪✪✪

സംസ്ഥാനത്ത് മഴ കനത്ത സാഹചര്യത്തിൽ മഴക്കെടുതി വിവരങ്ങൾക്കായി തദ്ദേശ വകുപ്പിൽ കൺട്രോൾ റൂം തുറന്നു. മണ്ണിടിച്ചിൽ, വെള്ളക്കെട്ടുകൾ, മറ്റ് പ്രശ്നങ്ങൾ, പെട്ടെന്നുണ്ടാവുന്ന പകർച്ചവ്യാധികൾ തുടങ്ങിയവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് 0471-2317214 എന്ന നമ്പറിൽ അറിയിക്കാം.

✪✪✪

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ 50 ഹെക്ടറിലധികം സ്ഥലത്തെ കൃഷി നശിച്ചു. മലയോരമേഖലയിലാണ് നാശനഷ്ടം കൂടുതൽ ഉണ്ടായത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

......(വോയ്സ്)................

✪✪✪

കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് സ്ഥാപിക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. ഹൈറ്റ്സാണ് നിർവ്വഹണ ഏജൻസി. അവയവമാറ്റ ശസ്ത്രക്രിയ കാത്തു കഴിയുന്ന നിരവധി പേർക്ക് ഭാവിയിൽ ഇത് വലിയ ആശ്വാസമാകും.

സംസ്ഥാന പൊലീസ് മേധാവി ഷെയ്ക്ക് ദർവേഷ് സാഹേബിന്റെ സേവനകാലാവധി 2025 ജൂൺ വരെ ദീർഘിപ്പിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മനേജിംഗ് ഡയറക്ടർമാരെ നിയമിക്കാനും, ഗ്രേഷ്യസ്

കുര്യാക്കോസിനെ ഹൈക്കോടതിയിൽ അഡീഷണൽ സ്റ്റേറ്റ് പബ്ലിക്ക് പ്രോസിക്യൂട്ടറായി മൂന്ന് വർഷത്തേക്ക് നിയമിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

✪✪✪

മുതിർന്ന BJP നേതാവും മുൻ ഉപ പ്രധാനമന്ത്രിയുമായ L.K.അദ്വാനിയെ വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഡൽഹി എയിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 96 കാരനായ അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

✪✪✪

ഗവൺമെന്റ് നേരത്തെ പ്രഖ്യാപിച്ച ഒരു ഗഡു സാമൂഹ്യസുരക്ഷ, ക്ഷേമ നിധി പെൻഷൻ വിതരണം ഇന്ന് ആരംഭിക്കുമെന്ന് മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. 1,600 രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുക. ഇതിന് 900 കോടി രൂപ അനുവദിച്ചതായി മന്ത്രി അറിയിച്ചു. ജൂണിലെ പെൻഷനാണ് ഇപ്പോൾ നൽകുന്നത്.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി സംബന്ധമായ അപകടങ്ങൾ പൂർണമായി ഇല്ലാതാക്കണമെന്നും ഇതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോജിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യണമെന്നും മന്ത്രി K. കൃഷ്ണൻകുട്ടി അറിയിച്ചു. സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ നേതൃത്വത്തിൽ അടുത്തമാസം രണ്ടു വരെ സംഘടിപ്പിക്കുന്ന വൈദ്യുതി സുരക്ഷാ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

വൈദ്യുതി അപകടങ്ങളിൽ ഒരു ജീവൻപോലും പൊലിയരുതെന്ന നിശ്ചയദാർഢ്യത്തോടെ ഓരോ വകുപ്പും പ്രവർത്തിക്കണം. വൈദ്യുതി സുരക്ഷാ ബോധവത്കരണ പരിപാടികൾ വിപുലമാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

✪✪✪

പുന:രധിവാസ, ഡീ-അഡിക്ഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ച് ലഹരിക്കെതിരെ ഊർജ്വസ്വലമായ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന് മാതൃകയായ സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര

മയക്കുമരുന്ന് ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

സിവിൽ സർവീസിനെ ശക്തിപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി G.R അനിൽ പറഞ്ഞു. ജോയിന്റ് കൗൺസിൽ തിരുവനന്തപുരം സൗത്ത് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. തരാബയിൽ ആദ്യ സെമിയിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ബാറ്റിംഗ് ആരംഭിച്ച അഫ്ഗാനിസ്ഥാന് ഏഴ് വിക്കറ്റ് നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അഫ്ഗാനിസ്ഥാൻ 9.4 ഓവറിൽ 50 റൺസ് എടുത്തിട്ടുണ്ട്.

രണ്ടാം സെമിയിൽ ഇന്ത്യ, ഇംഗ്ലണ്ടിനെ നേരിടും. ഗയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിൽ ഇന്ന് രാത്രി എട്ടിനാണ് മത്സരം. മറ്റന്നാളാണ് ഫൈനൽ.

✪✪✪

കേരള ഹൈക്കോടതിയുടെ സെൻട്രൽ പോർട്ടിക്കോയിൽ സ്ഥാപിച്ച മഹാത്മാഗാന്ധിയുടെ പ്രതിമ ഹൈക്കോടതി ചീഫ് ജസ്റ്റിസ് A.J ദേശായി വൈകിട്ട് അനാച്ഛാദനം ചെയ്യും. ഹൈക്കോടതി ജഡ്ജിമാർ, അഡ്വക്കേറ്റ്മാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

✪✪✪

കുടുംബ ബന്ധത്തിലെ പൊരുത്തക്കേടുകൾ പരിഹരിക്കാനും അയൽപക്ക ബന്ധങ്ങൾ കുറ്റമറ്റതാക്കാനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ വാർഡ്തല ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന് സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷ P സതീദേവി ആവശ്യപ്പെട്ടു. കോഴിക്കോട് ജില്ലാതല സിറ്റിങ്ങിന് ശേഷം സംസാരിക്കുകയായിരുന്നു അവർ.

✪✪✪

കേരള നിയമസഭ ഏർപ്പെടുത്തിയ മാധ്യമ അവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 30 വരെ നീട്ടി. അവാർഡ്

സംബന്ധിക്കുന്ന നിബന്ധനകൾ, അപേക്ഷാഫോം, വിജ്ഞാപനം എന്നിവ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭിക്കും.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്തും ജില്ലാ സാക്ഷരത മിഷനും ചേർന്ന് ആരംഭിച്ച ചേലക്കോടൻ ആയിഷുമ്മ മ്യൂസിയം വിപുലമായ രീതിയിൽ സജ്ജമാക്കാൻ ജില്ലാ സാക്ഷരത സമിതി യോഗം തീരുമാനിച്ചു.
സമ്പൂർണ്ണ സാക്ഷരത യജ്ഞകാലത്തെ അപൂർവ്വ ചിത്രങ്ങൾ, ആദ്യകാല സാക്ഷരത പ്രൈമറികൾ, പഠനസാമഗ്രികൾ, കയ്യെഴുത്ത് പ്രതികൾ, സാക്ഷരത ചരിത്രരേഖകൾ, തുടങ്ങിയവ സമാഹരിച്ച് മ്യൂസിയത്തിൽ സൂക്ഷിക്കും.

✪✪✪

കണ്ണൂർ ജില്ലയിലെ ചില സ്കൂളുകളിൽ മുണ്ടിനീര് പടരുന്നതായി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. രോഗലക്ഷണം ഉള്ളവർ വീടുകളിൽ isolation ൽ കഴിയുകയാണ് പ്രധാനമെന്നും DMO അറിയിച്ചു.

✪✪✪

ഭരണഘടനയെ പ്രാണവായു പോലെ സംരക്ഷിക്കുന്ന നിലപാടാണ്, BJP യുടേതെന്ന് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു. അടിയന്തിരാവസ്ഥ വാർഷിക ദിനത്തോട് അനുബന്ധിച്ച് BJP കോഴിക്കോട് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച ചിന്താ സായാഹ്നം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നുള്ള യാത്രാനിരക്കുകളുടെ വർധന റദ്ദാക്കണമെന്ന് ജോൺ ബ്രിട്ടാസ് M.P ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് കേന്ദ്ര വ്യോമയാനമന്ത്രിക്ക് അദ്ദേഹം കത്തയച്ചു.

✪✪✪

കോട്ടയം മുണ്ടക്കയം കോസ് വേ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതുവഴി ഒരു മാസത്തേക്ക് ഗതാഗതം നിരോധിച്ചു. മൂന്ന് വർഷം മുമ്പ് പ്രളയത്തിൽ തകർന്ന പാലത്തിന്റെ കോൺക്രീറ്റ് പ്ലാസ്റ്ററിംഗ് പൊട്ടി നശിച്ചിരുന്നു.

✪✪✪